പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3566

10/04/2013-ൽ മറുപടിക്ക്

## 'സിയാൽ മാതൃക'യിൽ കമ്പനികൾ രൂപീകരിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. കെ.കെ. നാരായണൻ<br>പ്രൊഫ.സി. രവീന്ദ്രനാഥ്<br>ശ്രീ.എസ്. ശർമ്മ | **ശ്രീ. മഞ്ഞളാംകുഴി അലി**<br>ബഹു: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി |
| (എ) ബസ്ഷെൽട്ടറുകൾ, കുടിവെള്ള വിതരണം, പൊതു ടോയ്ലറ്റുകൾ, നഗരശുചിത്വം എന്നിവയുടെ നടത്തിപ്പിനായി 'സിയാൽ മാതൃക'യിൽ നാലു കമ്പനികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) നഗര ശുചിത്വം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിൽ "Clean Kerala Company Ltd" എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. മറ്റു കമ്പനികളുടെ രൂപീകരണം സംബന്ധിച്ച വിവരങ്ങൾ അതാതു വകുപ്പുകളിൽ നിന്നും ശേഖരിക്കാവുന്നതാണ്. |
| (ബി) പ്രസ്തുത ആവശ്യങ്ങൾക്കായി 2012-13 ലെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക എത്ര; പ്രസ്തുത തുകയിൽ നിന്ന് ഇതുവരെ ചെലവഴിച്ച തുക എത്ര; ഈ വർഷം എന്തു തുക ചെലവഴിക്കാനുദ്ദേശിക്കുന്നു എന്നിവ വ്യക്തമാക്കുമോ; | (ബി) 2012-13 ലെ ബജറ്റിൽ 40 കോടി രൂപ മൂലധന നിക്ഷേപം ആവശ്യമായി വരുന്ന ഈ കമ്പനികളിലെ 26% സർക്കാർ പങ്കാളിത്തമായി 10 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലാണ് കമ്പനി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതിനാൽ തുക ചിലവഴിക്കുവാൻ സാധിച്ചില്ല. ഇക്കാര്യത്തിനായി മുൻവർഷം നീക്കി വച്ചിരുന്ന തുക ഉപയോഗപ്പെടുത്തിക്കൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത ആവശ്യങ്ങൾക്കായി രൂപീകരിച്ച കമ്പനികൾ ഏതൊക്കെയാണെന്നും നാളിതുവരെ പ്രസ്തുത കമ്പനികൾ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;<br><br>(ഡി) പ്രസ്തുത കമ്പനികളിൽ ഓരോന്നിലും സർക്കാർ പങ്കാളിത്തം എത്ര കോടിയുടേതാണ്; ആയതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ; | (സി) & (ഡി) കമ്പനി രൂപീകരിച്ചുവെങ്കിലും ഇതുവരെ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കമ്പനിയിലെ സർക്കാർ പങ്കാളിത്തം തൽക്കാലം 2.5 കോടി രൂപയുടേതാണ്. ആവശ്യമായ പണം ഈടാക്കിക്കൊണ്ട് സംസ്ഥാനത്തെ ബഹുനില കെട്ടിടങ്ങൾ, ഫാക്ടറികൾ, പാർപ്പിട ഓഫീസ് സമുച്ചയങ്ങൾ, ഹോട്ടലുകൾ, റസ്റ്റാറന്റുകൾ, വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മാലിന്യശേഖരണം, സംസ്ക്കരണം എന്നിവയാണ് കമ്പനി ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (ഇ) | നടപ്പുവർഷം പ്രസ്തുത കമ്പനികൾ നിർവ്വഹിക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ ? | (ഇ) | പദ്ധതികൾ രൂപപ്പെടുത്തി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ